(സി) വാർഷിക അറ്റകുറ്റ പണികൾക്ക് പുറമേ 'റീവാംപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം' അനുസരിച്ച് പുനരുദ്ധാരണ പണികൾ നടത്തിയിട്ടുണ്ട്.

80 (476) കടൽ ഭിത്തികെട്ടാൻ സാമ്പത്തിക സഹായം

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽഭിത്തികെട്ടാൻ കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചുവോ; എങ്കിൽ എത്ര;

(ബി) ഈ വർഷം കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ കടൽത്തീരം സംരക്ഷിക്കാൻ കഴിഞ്ഞവർഷം എത്ര സംഖ്യ ചെലവഴിച്ചു?

ഉത്തരം

(എ) സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കേരളത്തിലെ കടൽത്തീര സംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം പ്ലാൻ ഇനത്തിൽ 1701.783 ലക്ഷം രൂപയും, നോൺ പ്ലാൻ ഇനത്തിൽ 589.063 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

81 (477) ട്രാക്ടർ ബ്രിഡ്ജ്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ ഒഴൂർക്കടവ് ട്രാക്ടർ ബ്രിഡ്ജിന്റെയും ഫാം റോഡിന്റെയും പണി ഈവർഷം തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുവേണ്ടി എന്തു തുകയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ഡി) കൃഷിക്കാർക്ക് വളരെ അത്യാവശ്യമായ ട്രാക്ടർ ബ്രിഡ്ജിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി)&(സി) 12.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly